ഭരണഭാഷ-മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/4581/2025-I1 **തിയ്യതി: 31-05-2025**

പ്രദീപൻ സി പി
ഇന്റേർണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

ശ്രീ.വിജയൻ
അരുണിമ, നാരങ്ങപ്പൊറ്റ
മണ്ണാർക്കാട്

സർ,

വിഷയം : തസ്വഭവ - പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയം - ആഭ്യന്തര വിജിലൻസ് വിഭാഗം - മണ്ണാർക്കാട് നഗരസഭ-സ്ഥാപനത്തിന് നിയമവിരുദ്ധമായി ലൈസൻസ് നൽകിയത് അദാലത്ത് ഉപജില്ലാ സമിതിയിൽ ലഭ്യമായ (Docket Number: TLPKD3127100001634) കൈക്കൂലി ആരോപണം - പരാതിയിൻമേൽ അന്വേഷണം നടത്തി മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് താങ്കൾ സമർപ്പിച്ച 19.10.2024ലെ പരാതി.

2. അദാലത്ത് ഉപജില്ലാ സമിതിയുടെ 15.05.2025ലെ തീരുമാനം.

*********************

മേൽ വിഷയത്തിലേക്കും, സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മണ്ണാർക്കാട് നഗരസഭയിൽ വ്യാജ നമ്പറിട്ട അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കവിത ഗോൾഡ് & ഡയമണ്ട്സ് എന്ന സ്ഥാപനത്തിൻ്റെ നടത്തിപ്പിനായി ശ്രീ.പ്രസാദ്.ടി.പി

എന്നവർക്ക് 5 വർഷകാലയളവിലേക്ക് ലൈസൻസ് നൽകി എന്ന് ആരോപിച്ചുകൊണ്ട് സൂചന(1) പ്രകാരം താങ്കൾ സമർപ്പിച്ച പരാതി അദാലത്ത് ഉപജില്ലാ സമിതി പരിശോധിച്ചു. ആയതുമായി ബന്ധപ്പെട്ട് പരാതിക്കാസ്പതമായ കെട്ടിടം പരിശോധിച്ചു. മണ്ണാർക്കാട് നഗരസഭ സെക്രട്ടറിയെയും, മണ്ണാർക്കാട് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറേയും നേരിൽ കേൾക്കുകയും ചെയ്തു. അദാലത്ത് ഉപജില്ലാ സമിതി ടി പരാതി ജില്ലാ അദാലത്ത് സമിതിക്ക് മേൽ നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

പ്രദീപൻ സി പി
ഇന്റേർണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

**Signed by Pradeepan C P**
**Date: 31-05-2025 11:50:59**

## 15.05.2025ലെ അദാലത്ത് ഉപജില്ലാ സമിതി തീരുമാനം

മണ്ണാർക്കാട് നഗരസഭയിൽ വ്യാജ നമ്പറിട്ട അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കവിത ഗോൾഡ് & ഡയമണ്ട്സ് എന്ന സ്ഥാപനത്തിൻ്റെ നടത്തിപ്പിനായി ശ്രീ.പ്രസാദ്.ടി.പി എന്നവർക്ക് 5 വർഷകാലയളവിലേക്ക് ലൈസൻസ് നൽകി എന്ന് ആരോപിച്ചുകൊണ്ട് ശ്രീ.വിജയൻ എന്നവർ സമർപ്പിച്ച പരാതി അദാലത്ത് ഉപജില്ലാ സമിതി പരിശോധിച്ചു. ആയതുമായി ബന്ധപ്പെട്ട് പരാതിക്കാസ്പതമായ കെട്ടിടം പരിശോധിച്ചു. മണ്ണാർക്കാട് നഗരസഭ സെക്രട്ടറിയെയും, മണ്ണാർക്കാട് നഗരസഭയിലെ ഹെൽത് ഇൻസ്പെക്ടറേയും നേരിൽ കേൾക്കുകയും ചെയ്തു. ആയത് പ്രകാരമുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

മണ്ണാർക്കാട് ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ BP/239/11 നമ്പർ കെട്ടിട നിർമാണ പെർമിറ്റ് പ്രകാരം നിർമാണം പൂർത്തീകരിച്ച ശ്രീ.അബ്ദുൽ റഹിം.പി.കെ. പൂക്കോടൻ ഹൌസ് എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള വാണിജ്യ കെട്ടിടത്തിന് 3/680 മുതൽ 3/721 വരെയുള്ള (അകെ 42 കെട്ടിട നമ്പറുകൾ) അനുവദിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിൻറ ആകെ വിസ്തീർണ്ണം അസസ്മെൻറ് രജിസ്റ്റർ പ്രകാരം 1507.48 ച.മീറ്ററാണ്. എന്നാൽ AG ഓഡിറ്റ് ടീമിൻ്റെ നേതൃത്വത്തിൽ 02/02/2022ൽ നടത്തിയ പരിശോധനയിൽ ടി കെട്ടിടത്തിൻ്റെ 2ആം നിലയുടെ അതെ വിസ്തീർണത്തിൽ 3ആം നിലകൂടി മേൽക്കൂര പണിതു സൈഡ് മറച്ച് സീലിംഗ് ചെയ്ത് ഓഫീസ് ആവശ്യത്തിനും, വാണിജ്യ ആവശ്യത്തിനും സംഭരണ ആവശ്യത്തിനും ഉപയോഗിച്ച് കൊണ്ടിരിക്കുന്നതായി കണ്ടെത്തി. ടി നിർമാണത്തിന് നഗരസഭയുടെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് എൻക്വയറി നമ്പർ 25 തിയ്യതി 07/02/2022 പ്രകാരം അനധികൃത നിർമ്മാണം റെഗുലറൈസ് ചെയ്യുന്നത് വരെയോ, പൊളിച്ചു മാറ്റുന്നത് വരെയോ യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതിയുടെ രണ്ടിരട്ടി കൂടെ ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിൻ്റെ അടിസ്ഥാത്തിൽ ഈ കെട്ടിടത്തിന് UA നിരക്കിൽ നികുതി നിർണയിച്ച് 5/1/UA എന്ന നമ്പർ നൽകിയിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ജനറേറ്റ് ചെയ്യുന്ന ഫോറം 9 ൽ ചട്ടം 14(1) പ്രകാരം ഉള്ള ഡിമാൻഡ് നോട്ടീസ് 02/08/2023നു മണ്ണാർക്കാട് നഗരസഭയിൽ നിന്നും കക്ഷിക്ക് നൽകിയിട്ടുണ്ട്. അതിനുശേഷം അനധികൃതമായി നിർമ്മിച്ച 3ആംനില കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ട്. ഓഫീസ്

ആവശ്യത്തിനും, വാണിജ്യ ആവശ്യത്തിനുമായി ഉപയോഗിച്ച 3ാം നില പൊളിച്ച് നീക്കം ചെയ്യുന്നതുവരെയുള്ള കാലയളവിലേക്ക് അനധികൃത കെട്ടിടത്തിലേക്കുള്ള നികുതി ഈടാക്കി കാണുന്നില്ല. പൊളിച്ചുമാറ്റിയതിനു ശേഷം നിലവിൽ കെട്ടിടത്തിൻറ ആകെ വിസ്തീർണ്ണം 4214 ച.മീറ്ററാണ്. (ടി കെട്ടിടത്തിൻറ ആകെ വിസ്തീർണ്ണം അസസ്മെൻറ് രജിസ്റ്റർ പ്രകാരം 1507.48 ച.മീറ്ററാണ്.)

ഒന്നും രണ്ടും നിലകളിലുള്ള അനധികൃത നിർമാണം റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ കെട്ടിട ഉടമ സ്വീകരിക്കാത്ത സാഹചര്യത്തിൽ കെട്ടിട സമുച്ചയത്തിന് സ.ഉ(സാധാ)നം. 540/2019/ത.സ്വ.ഭവ തിയതി 06/03/2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/04/2016 തിയ്യതി മുതൽ പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്ക്കരണം നടത്തി പുതിയ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടില്ലാത്തതുമാണ്. എന്നിരുന്നാലും ടി ഉടമ 2013 അസ്സസ്മെന്റ്റ് പ്രകാരമുള്ള നമ്പറുകളിൽ (നിലവിൽ 2024-2025 വരെ) കെട്ടിട നികുതി അടച്ചു വരുന്നു. 2013 അസ്സസ്മെന്റ് പ്രകാരം 3ആം വാർഡിലും, നിലവിൽ 2016 അസ്സസ്മെൻ്റ് പ്രകാരം 6ആം വാർഡിലും സ്ഥിതിചെയ്യുന്ന ടി ബിൽഡിങ്ങിൽ മാനസ സിൽക്സ്, ന്യൂ സൈറ്റ് ഒപ്റ്റിക്കൽസ് എന്നീ 2 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വന്നിരുന്നത്. ടി സ്ഥാപനങ്ങൾ 2023-24 വരെ പഴയ നമ്പറിൽ നിലവിൽ അധികൃതമായ കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്ന ഏരിയയിൽ മാത്രം ലൈസൻസ് ഫീസ് അടച്ചു ലൈസൻസ് പുതുക്കിവന്നവയാണ്. എന്നാൽ, 02/02/2022ൽ AG ഓഡിറ്റ് ടീമിൻ്റെ പരിശോധനയിൽ ടി ബിൽഡിങ്ങിൽ അനധികൃത നിർമാണം നടന്നതായി റിപ്പോർട്ട് ചെയ്തതിൻ്റെ അടിസ്ഥാനത്തിൽ ഉടമയോട് റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചു കെട്ടിടം റെഗുലറൈസ് ചെയ്തതിനു ശേഷമെ പുതിയ അസ്സസ്മെൻ്റ് (2016) പ്രകാരമുള്ള നമ്പർ അനുവദിക്കാനാവൂ എന്ന് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഉടമ ഇത് ചെയ്യാതിരുന്നതോടെ കെട്ടിട നമ്പറുകൾ അസാധുവാക്കി, ടി ബിൽഡിങ്ങിൽ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനങ്ങൾക്ക് ഇതോടെ ലൈസൻസ് പുതുക്കുന്നതും മറ്റുമുള്ള കാര്യങ്ങൾക്ക് തടസം നേരിടുകയും ചെയ്തു.

24/04/2024നു ശ്രീ.പ്രസാദ്.ടി.പി, തൊഴുത്തുപറമ്പിൽ (H), കുനത്തറ എന്ന പേരിൽ 2013ലെ അസസ്മെൻറ് രജിസ്റ്ററിൽ 3/690 മുതൽ 3/697 വരെയും 3/709 മുതൽ 3/715 വരെയും ഉള്ള പഴയ നമ്പറുകളിൽ കവിത ഗോൾഡ് ആൻഡ് ഡയമൻഡ്സ് എന്ന സ്ഥാപനം തുടങ്ങുന്നതിനു പുതിയ ലൈസൻസിന് അപേക്ഷ നൽകുകയും ചെയ്തു. എന്നാൽ ടി

ബിൽഡിങ്ങിനു 2024-2025 മുതൽ 2016 അസ്സസ്മെൻ്റ് പ്രകാരം ഉള്ള നമ്പർ നൽകിയിട്ടില്ല. ആയതിനാൽ, ടി ബിൽഡിങ്ങിൽ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ സാധിക്കുകയില്ല. പ്രസ്തുത കെട്ടിടം അനധികൃത കെട്ടിടം ആയതിനാൽ നഗരസഭയിൽ നിന്നും ക്രമവൽകരിച്ച് പുതിയ കെട്ടിട നമ്പർ അനുവദിക്കുന്നമുറക്ക് മാത്രമെ ലൈസൻസ് നൽകുവാൻ നിർവാഹമുള്ളൂ എന്ന് 25/05/2024ന് H1-2164/2024 നമ്പർ നോട്ടീസ് പ്രകാരം മണ്ണാർക്കാട് നഗരസഭയിൽ നിന്ന് ടിയാന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ലൈസൻസ് അനുവദിക്കാത്ത സാഹചര്യത്തിൽ ടിയാൻ ബഹു.ഹൈകോടതിയെ സമീപിക്കുകയും, ബഹു.ഹൈകോടതിയുടെ 23.04.2024ലെ WPC16403/2024 നമ്പർ ഉത്തരവ്പ്രകാരം "ഹർജിക്കാർ മറ്റ് എല്ലാ മാനദണ്ഡങ്ങളും താൽക്കാലികമായി പാലിക്കുന്നുണ്ടെങ്കിൽ ട്രേഡ് ലൈസൻസ് അനുവദിക്കുക" എന്ന് വിധി പുറപ്പെടുവിച്ചു. ഇതോടൊപ്പം, ശ്രീ.അബ്ദുൾ റസാക്ക് എന്നവരും മാനസ സിൽക്ക്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് ലഭിക്കുന്നതിന് വേണ്ടി ബഹു.ഹൈകോടതിയെ സമീപിച്ചു. ബഹു.ഹൈകോടതിയുടെ 28.06.2024ലെ WPC23073/2024 നമ്പർ ഇടകാല ഉത്തരവ്പ്രകാരം ഹർജിക്കാരോട് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചു. 25/07/2024ലെ കൗൺസിലിൽ ടി വിഷയം അജണ്ടയായി വക്കുകയും അതിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2013 അസ്സസ്മെൻ്റ് പ്രകാരം നൽകിയ കെട്ടിട നമ്പറുകളിൽ ഉണ്ടായിരുന്ന മാനസ സിൽക്സിന് ബഹു.ഹൈകോടതിയുടെ 23.06.2024ലെ WPC23073/2024 നമ്പർ ഉത്തരവ്പ്രകാരവും , ന്യൂ ഐ സൈറ്റ് ഓപ്ടിക്കൽസിന് കൌൺസിൽ തീരുമാന പ്രകാരവും ലൈസൻസ് പുതുക്കി നൽകുന്നതിനും, കവിത ഗോൾഡ് ആൻഡ് ഡയമൻഡ്സ് എന്ന സ്ഥാപനത്തിന് പുതിയ ലൈസൻസ് അനുവദിക്കുന്നതിനും തീരുമാനിച്ചു. മേൽ തീരുമാന പ്രകാരം കവിത ഗോൾഡ് ആൻറ് ഡയമണ്ട് എന്ന സ്ഥാപനത്തിന് 5 വർഷത്തേക്ക് ലൈസൻസ് മാനുവൽ ആയി ഹെൽത്ത് ഇൻസ്പെക്ടർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു.ഹൈകോടതി 23.04.2024ലന് മണ്ണാർക്കാട് നഗരസഭ സെക്രട്ടറിക്ക് "ഹർജിക്കാർ മറ്റ് എല്ലാ മാനദണ്ഡങ്ങളും താല്ക്കാലികമായി പാലിക്കുന്നുണ്ടെങ്കിൽ ട്രേഡ് ലൈസൻസ് അനുവദിക്കുക" എന്നാണ് ഉത്തരവ് നല്കിയത്. നിയമാനുസൃതമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കാതെ അനധികൃതമായി നിർമ്മിച്ച ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കവിത ഗോൾഡ് ആൻഡ് ഡയമൻഡ്സ് എന്ന സ്ഥാപനത്തിന് പുതിയ ലൈസൻസ് അനുവദിച്ചത്

ക്രമപ്രകാരമല്ല. മണ്ണാർക്കാട് നഗരസഭയിലെ അസസ്മെൻ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 1507.48 ച.മീറ്റർ വിസ്തീർണമാനുള്ളത്. എന്നാൽ, AG ഓഡിറ്റ് ടീമിൻ്റെ പരിശോധനയെ തുടർന്ന് ഓവർസിയർ പരിശോധിച്ച് ടി ബിൽഡിങ്ങിന് 6218.21 ച.മീറ്റർ വിസ്തീർണമാനുള്ളതെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. പിന്നീട് കോടതി നിർദ്ദേശ പ്രകാരം പ്രസ്തുത കെട്ടിടം അളന്നതു പ്രകാരം കെട്ടിടത്തിൻറ വിസ്തീര്ണ്ണം 4214ച.മീറ്ററാണുള്ളത്.

പ്രസ്തുത കെട്ടിടം ക്രമവൽകരിക്കുന്നതിനു ഉടമസ്ഥന് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും, നാളിതുവരെ കെട്ടിട ഉടമ ആയത് ക്രമവൽകരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. കെട്ടിടം ക്രമവൽക്കരിച്ചതിനു ശേഷം മാത്രമേ ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ പാടുകയുള്ളൂ. എന്നാൽ വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയത് തെറ്റായ പ്രവർത്തിയാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് നിയമവും ചട്ടങ്ങളും സെക്ഷൻ 447 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ലൈസൻസ് അനുവദിച്ചത് ക്രമവിരുദ്ധമാണ്. ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങൾക്ക് എജിയുടെ കണ്ടെത്തലിന് മുൻപാണ് ലൈസൻസ് പുതുക്കി നൽകിയത്. എന്നാൽ, ശ്രീ.പ്രസാദ്.ടി.പി എന്നവരുടെ കവിത ഗോൾഡ് & ഡയമണ്ട്സ് എന്ന സ്ഥാപനത്തിന് അനധികൃത നിർമ്മാണം ഉണ്ടെന്ന് എജി കണ്ടെത്തിയതിനു ശേഷം ലൈസൻസ് നൽകിയത് ക്രമ വിരുദ്ധമാണ്.

ശ്രീ.വിജയൻ നൽകിയ പരാതിയിൽ വൻ തുക കൈക്കൂലി വാങ്ങിയാണ് 5 വർഷത്തേക്ക് ലൈസൻസ് നൽകി എന്നാരോപിച്ചിരുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് നിയമവും ചട്ടങ്ങളും സെക്ഷൻ 447 5 (എ) പ്രകാരം "ഈ വകുപ്പിന് കീഴിൽ നൽകുന്ന ലൈസൻസിന് 5 വർഷത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതും" ആണ്. ആയതിനാൽ 5 വർഷത്തേക്ക് ലൈസൻസ് നൽകുന്നത് ചട്ടപ്രകാരം തെറ്റല്ല. എന്നാൽ, അനധികൃത കെട്ടിടത്തിൽ വ്യാപാരം നടത്തുന്നതിന് വേണ്ടി ലൈസൻസ് നൽകാൻ പാടില്ല. ലൈസൻസ് അനുവദിച്ച ഉദ്യോഗസ്ഥനായ ശ്രീ.ഷിബു.ആർ, സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 കൈക്കൂലി വാങ്ങിയതിന് യാതൊരു തെളിവും ലഭിച്ചിട്ടില്ല. ടിയാൻ ലൈസൻസ് അനുവദിച്ചത് മുനിസിപ്പൽ കൗൺസിൽ തീരുമാന പ്രകാരവും, സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരവുമാണ്. എന്നിരുന്നാലും, നിലവിൽ പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമയായ ശ്രീ.അബ്ദുൾ റഹീം.പി.കെ എന്നവർ 02.08.2024 തീയ്യതിയിലെ നൽകിയ കേസ് WPC NO.22195 നമ്പർ നിലവിൽ കോടതി പരിഗണനയിലാണ്. തുടർനടപടികൾക്കായി ടി

പരാതി ജില്ലാ അദാലത്ത് സമിതിക്ക്  സമർപ്പിച്ചിക്കുന്നു.

വിശ്വസ്തതയോടെ

Signed by Pradeepan C P
Date: 31-05-2025 11:49:45

Pradeepan C P
INTERNAL VIGILANCE OFFICER
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്